



# ജിഹാദിന്റെ ധാർമികത

*യൂസുഫുൽ ഖറദാവിയുടെ **ഫിഖ്ഹുൽ ജിഹാദ്** എന്ന പുസ്തകത്തെ നിരൂപണം ചെയ്യുന്നു.*

*സംഗ്രഹ വിവർത്തനം: **പ്രഫ. യാസീൻ അശ്റഫ്***

**സമകാലീന** ഇസ്‌ലാമിക ചിന്തയിലെ ഏറ്റവും നിർണായകമായ ആശയമാണ് ജിഹാദ്. ഇസ്‌ലാമിന്റെ ഉച്ചിയും പരമകാഷ്ഠയുമാണ് ജിഹാദ് എന്ന് ഹദീസ്. ഇസ്‌ലാമിനകത്തും പുറത്തും വളരെ വ്യത്യസ്ത വീക്ഷണങ്ങളും നിലപാടുകളും ജിഹാദിനെപ്പറ്റി ഉണ്ട്. അന്താരാഷ്ട്ര തലത്തിൽ ഇസ്‌ലാമിന്റെ വർധിതമായ പങ്കിന്റെ വെളിച്ചത്തിൽ ആ വീക്ഷണങ്ങൾക്കും നിലപാടുകൾക്കും ഗൗരവപ്പെട്ട പ്രത്യാഘാതങ്ങളുമുണ്ടാവാറുണ്ട്. ഇസ്‌ലാം എന്ന മതം വിശ്വാസങ്ങളും ആചാരങ്ങളും പെരുമാറ്റ സംഹിതയുമായി ബന്ധപ്പെട്ടതാണ്; പ്രത്യയശാസ്ത്രമെന്ന നിലക്കാകട്ടെ അത് അനുയായികളുടെ ചിന്തയെയും ശീലങ്ങളെയും സാമൂഹിക രാഷ്ട്രീയ ഇടപാടുകളെയും നിയന്ത്രിക്കുന്നു. രാഷ്ട്രീയ ഇസ്‌ലാം എന്ന പേരിൽ അറിയപ്പെടുന്ന ഈ വശത്തിലും ജിഹാദ് കേന്ദ്ര സ്ഥാനത്താണ്.

ജിഹാദിനെക്കുറിച്ച് ഇന്നത്തെ ഇസ്‌ലാമിക ചിന്തകരിൽ പ്രമുഖനായ ശൈഖ് യൂസുഫുൽ ഖറദാവി പ്രകടിപ്പിച്ച വീക്ഷണങ്ങളാണ് ഇവിടെ വിഷയം. ബൗദ്ധികമേഖലയിൽ ഉന്നത സ്ഥാനീയനാണ് ഖറദാവി. 150-ൽ പരം ഗ്രന്ഥങ്ങളെഴുതി; ഇസ്‌ലാമിക ചിന്തയുടെ എല്ലാ വശങ്ങളെയും സ്പർശിച്ചു. പ്രമുഖ ധൈഷണിക കർമശാസ്ത്ര സമിതികളിൽ അംഗമാണ്. ഇന്റർനാഷനൽ യൂനിയൻ ഓഫ് മുസ്‌ലിം സ്കോളേഴ്സ് എന്ന പണ്ഡിത സഭയുടെയും യൂറോപ്യൻ കൗൺസിൽ ഓഫ് ഫത്‌വ ആന്റ് റിസർച്ചിന്റെയും അനേകം ധർമ സംഘങ്ങളുടെയും അധ്യക്ഷനാണ്. വിവിധ ഇസ്‌ലാമിക പഠനസ



*ഫിഖ്ഹുൽ ജിഹാദിന്റെ കവർ*

മിതികളിൽ അംഗമാണ്– ഓക്സ്ഫോർഡ് സെന്റർ ഓഫ് ഇസ്‌ലാമിക് സ്റ്റഡീസ് അടക്കം. 'രാഷ്ട്രീയ ഇസ്‌ലാം' നന്നായി ഉൾക്കൊണ്ട മുസ്‌ലിം ബ്രദർ ഹുഡിൽ (അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ) ആണ് വളർന്നത്. ആധുനിക മാധ്യമലോകത്ത് പുതിയ പ്രവണതകൾക്ക് നേതൃത്വം നൽകി. ഇസ്‌ലാം ഓൺലൈൻ എന്ന വെബ് സൈറ്റിൽ ഏറെക്കാലം പ്രവർത്തിച്ചു; അൽ ജസീറ ചാനലിൽ 'ശരീഅയും ജീവിതവും' എന്ന അദ്ദേഹത്തിന്റെ പ്രതിവാര പരിപാടിക്ക് ആറു കോടി പ്രേക്ഷകരുണ്ട്.

സമകാലിക ഇസ്‌ലാമിൽ ഖറദാവി വികസിപ്പിച്ച മുഖ്യ തത്ത്വമാണ് 'വസത്വിയ്യ' അഥവാ 'മിതത്വം'. അദ്ദേഹത്തിന്റെ വീക്ഷണങ്ങളും നിലപാടുകളും ഈ തത്ത്വത്തിൽനിന്നാണ് പുറപ്പെടുന്നത്. അതിലേക്ക് അദ്ദേഹം നിരന്തരം ശ്രദ്ധ ക്ഷണിക്കുന്നു. അതിലെ ഊന്നൽ വഴി എതിരാളികളുടെ മുനയൊടിക്കുന്നു. ഖുർആനിലെ രണ്ടാമധ്യായത്തിലെ ഒരു സൂക്തമാണ് ഈ തത്ത്വത്തിന് നിദാനം: "അങ്ങനെ നാം നിങ്ങളെ ഒരു മധ്യമ (വസത്വ്) സമുദായമാക്കി." വിരുദ്ധവും പരസ്പരം എതിരിടുന്നതുമായ ആത്യന്തിക നിലപാടുകൾക്കിടയിൽ മധ്യമ നിലപാടാണ് ഇസ്‌ലാമിന്റേത് എന്നദ്ദേഹം വിശദീകരിക്കുന്നു. ഭൗതികതയും ആത്മീയതയും; വ്യക്തിവാദവും സമൂഹവാദവും; ആശയവാദവും യാഥാർഥ്യവാദവും.... എന്നിങ്ങനെയുള്ള വിപരീതങ്ങളുടെ മധ്യത്തിലുള്ള പൊതു ബിന്ദുവാണ് ഇസ്‌ലാം– അവയെ എല്ലാം ഉൾക്കൊള്ളുന്ന മധ്യ ഇടം.

ഈ 'വസത്വീ' വീക്ഷണത്തിൽ ഊന്നിക്കൊണ്ട് ഖറദാവി, ഇസ്‌ലാമിക ചിന്തയുടെ എല്ലാ വശങ്ങളിലും തന്റേതായ പരിഷ്കരണാശയങ്ങൾ (ഇജ്തിഹാദുകൾ) മുന്നോട്ടുവെക്കുന്നു. അക്കൂട്ടത്തിൽ ഒന്നാണ് 'ജിഹാദി'നെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ഇജ്തിഹാദ്. 'ജിഹാദിന്റെ കർമശാസ്ത്രം: ഖുർആന്റെയും പ്രവാചക ചര്യയുടെയും വെളിച്ചത്തിൽ കർമശാസ്ത്ര തീർപ്പുകളുടെ താരതമ്യപഠനം' എന്ന പുതിയ ഗ്രന്ഥത്തിലാണ് ഇതുള്ളത്. പതിറ്റാണ്ടുകളുടെ ചിന്തയും അനേകവർഷങ്ങളുടെ തുടർച്ചയായ അധ്വാനവും വേണ്ടിവന്ന ഗ്രന്ഥമാണിതെന്ന് ഗ്രന്ഥകാരൻ പറയുന്നുണ്ട്. രണ്ട് വാല്യങ്ങളുണ്ട് ഇതിന്. ജിഹാദിനെക്കുറിച്ച തന്റെ കാഴ്ചപ്പാട്, ഗൗരവമേറിയ ഈ വിഷയത്തിൽ സമവായമുണ്ടാക്കുമെന്ന് അദ്ദേഹം പ്രത്യാശിക്കുന്നു. "ജിഹാദിനെ തെറ്റായി ധരിക്കുന്നത് അബദ്ധം മാത്രമല്ല ആപത്കരവുമാണ്. അതിന്റെ പേരിൽ അനാവശ്യമായി രക്തം ചൊരിയുന്നതും ജീവനും വസ്തുക്കൾക്കും നാശമുണ്ടാക്കുന്നതും മുസ്‌ലിംകളും ഇസ്‌ലാമും അക്രമികളും ഭീകരരുമാണെന്ന് വരുത്തിത്തീർക്കുന്നതും ശരിയല്ല. സത്യത്തിൽ അത്തരം ആരോപണങ്ങൾ ഒട്ടും ചേരാത്ത മതമാണ് ഇസ്‌ലാം. പക്ഷേ, സംഭവിക്കുന്നതെന്താണ്? ഗൗരവപ്പെട്ട ഇത്തരം കാര്യങ്ങളിൽ സത്യം അത്യുക്തിയുടെയും ആലസ്യത്തിന്റെയും അറ്റങ്ങൾക്കിടക്കെങ്ങോ നഷ്ടപ്പെട്ടുപോകുന്നു." ഈ ബോധ്യത്തിൽനിന്നാണ് പുസ്തകം രൂപം കൊള്ളുന്നത്.

പുസ്തകത്തിന്റെ രചനക്കായി സ്വീകരിച്ച അടിസ്ഥാന രീതിശാസ്ത്രം ഇപ്രകാരമാണ്: എ) ഖുർആനാണ് പരമമായ ആധികാരികതയുള്ള അടിസ്ഥാനം. പ്രവാചകചര്യ അടക്കം മറ്റു സ്രോതസ്സുകളുടെയെല്ലാം മാനദണ്ഡം ഖുർആനാണ്. അതിനെ മനസ്സിലാക്കേണ്ടത് മൂലഭാഷയായ അറബിയിലാണ്– അർഥം അതിനു മേൽ അടിച്ചേൽപിക്കുകയല്ല, മറിച്ച് മൂലഭാഷയിൽനിന്ന് അർഥം നിർധാരണം ചെയ്തെടുക്കുകയാണ് വേണ്ടത്. എല്ലാ സൂക്തങ്ങളും പ്രയോഗിക്കാനായി വെളിപ്പെടുത്തപ്പെട്ടതാണ്. "ഖുർആനിൽ ആയത്തുസ്സൈഫ് (വാളിന്റെ സൂക്തം) എന്നൊന്നുണ്ടെന്നും അത് നൂറ്റിനാൽപതോ അതിലധികമോ വാക്യങ്ങളെ റദ്ദ് ചെയ്യുന്നുണ്ടെന്നും ചിലർ വാദിക്കുന്നതിനെ നാം ഖണ്ഡിക്കുന്നു. ഏതാണ് ആ വാക്യമെന്നതിനെപ്പറ്റി പോലും അത് പറയുന്നവർക്കിടയിൽ ഏകാഭിപ്രായമില്ല."

ബി). പ്രവാചക ചര്യയെ ആശ്രയിക്കുമ്പോൾ അത് ഖുർആനെപ്പോലെ കൂടുതൽ പ്രബലമായ

തെളിവിന് എതിരാവുന്നില്ലെന്ന് ഉറപ്പുവരുത്തുന്നു. അങ്ങനെ ഹദീസ് ശാസ്ത്ര പ്രകാരം തന്നെ ഗ്രന്ഥകാരൻ 'എന്നെ വാളുമായിട്ടാണ് അയച്ചിട്ടുള്ളത്' തുടങ്ങിയ മൊഴികൾ ദുർബലങ്ങളാണെന്ന് പ്രഖ്യാപിക്കുന്നു. അല്ലാഹുവല്ലാതെ ദൈവമില്ല എന്നു പറയുന്നതുവരെ ജനതയോട് പൊരുതണമെന്ന പ്രവാചകമൊഴിയെ അദ്ദേഹം വ്യാഖ്യാനിക്കുന്നത് 'ജനത' എന്ന പ്രയോഗത്തിലൂന്നിയാണ്. ശത്രുക്കളായ അറബി ബഹുദൈവവിശ്വാസികളെയാണ് ഉദ്ദേശിച്ചതെന്ന് ഖറദാവി സ്ഥാപിക്കുന്നു.

സി) ഫിഖ്ഹിന്റെ സമ്പന്ന പൈതൃകത്തെ പ്രയോജനപ്പെടുത്തുന്നു, ഏതെങ്കിലും മദ്ഹബിനോട് ചായ്‌വില്ലാതെ തന്നെ. പ്രഖ്യാതമായ മദ്ഹബുകളിൽ മാത്രം ഒതുങ്ങുന്നില്ല താനും. നിയമ താരതമ്യം, വിശകലനം, നിരൂപണം എന്നീ സങ്കേതങ്ങളുപയോഗിച്ച് ഏറ്റവും യുക്തമായ അഭിപ്രായത്തിൽ എത്തിച്ചേരുന്നു. ഫിഖ്ഹും ശരീഅത്തും രണ്ടാണെന്ന് ഖറദാവി ചൂണ്ടിക്കാട്ടുന്നു. യഥാർഥ ഫിഖ്ഹ് പുസ്തകങ്ങളിൽ നിന്നെടുത്ത പകർപ്പുകളല്ല, മറിച്ച് കർമശാസ്ത്ര വിശാരദന്റെ സ്വന്തം ഇജ്തിഹാദ് ആണ്– തന്റെ കാലത്തിനും സ്ഥലത്തിനും ചേർന്ന നിലപാടുകൾ ഉരുത്തിരിച്ചെടുക്കുന്ന ബൗദ്ധിക വ്യാപാരം.

ഡി) ഇസ്‌ലാമും ഇതര മതങ്ങളും നിയമവ്യവസ്ഥിതികളും തമ്മിൽ താരമ്യപ്പെടുത്തുന്ന രീതിശാസ്ത്രം.

(ഇ) ഫിഖ്ഹിനെ ആധുനിക യാഥാർഥ്യത്തോട് ബന്ധപ്പെടുത്തൽ. കർമശാസ്ത്രത്തിൽ സുസ്ഥിര തത്ത്വങ്ങളും മാറിക്കൊണ്ടിരിക്കുന്ന തത്ത്വങ്ങളുമുണ്ടെന്ന കാര്യം കർമശാസ്ത്രജ്ഞർ ഓർക്കണം. പരസ്പരം ഒത്തുനോക്കൽ (തദാഫുഅ്), ശത്രുക്കളെ തുരത്താൻ അധികാര സ്രോതസ്സുകളെല്ലാം ഉപയോഗപ്പെടുത്തൽ, മുസ്‌ലിംകളോട് യുദ്ധം തുടങ്ങുന്നവർക്കെതിരെ യുദ്ധം ചെയ്യൽ, അതിക്രമത്തിന്മേലുള്ള വിലക്ക് തുടങ്ങിയവ സുസ്ഥിരമാണ്. എന്നാൽ മാറിവരുന്നവ (മുതഗയ്യിറാത്ത്)യിൽ പെടുന്നു യുദ്ധത്തെ അപലപിക്കൽ, സമാധാനം തേടൽ, അന്താരാഷ്ട്ര നിയമ രൂപവത്കരണം, മനുഷ്യാവകാശ ധാരണകൾ, ഐക്യരാഷ്ട്രസഭ തുടങ്ങിയവ. ഗ്രന്ഥകാരൻ പറയുന്നു, "ഇസ്‌ലാമിനു കീഴിൽ നമുക്ക്, ഭീതിക്കു പകരം ശാന്തിയും സുരക്ഷയും മൗലികവാദത്തിനു പകരം സഹിഷ്ണുതയും വിദ്വേഷത്തിനു പകരം സ്നേഹവും പ്രോത്സാഹിപ്പിക്കുന്ന ഒരു ലോകത്ത് ജീവിക്കാൻ കഴിയും. യു.എന്നുമായും അന്താരാഷ്ട്ര നിയമവുമായും മനുഷ്യാവകാശ ഉടമ്പടികളുമായും പരിസ്ഥിതി പ്രസ്ഥാനങ്ങളുമായും ഒത്തു പ്രവർത്തിക്കാനാവും. ഇത്തരം വാതിലുകളെല്ലാം കൊട്ടിയടച്ച് ഒരൊറ്റ വീക്ഷണത്തിൽ കേന്ദ്രീകരിക്കുന്ന നമ്മുടെ കർക്കശക്കാരായ സഹോദരന്മാരുടെ മുഖ്യ പ്രശ്നം, അവർ ഭൂതകാലത്തിലാണ്, വർത്തമാനകാലത്തല്ല ജീവിക്കുന്നത് എന്നതാണ്– യാഥാർഥ്യത്തിലല്ല, പുസ്തകങ്ങളിലാണ് അവർ കഴിയുന്നത്."

എഫ്) പ്രബോധനത്തിലും (ദഅ്‌വ) അധ്യാപനത്തിലും നിയമവിധികൾ നൽകുന്നതിലും (ഇഫ്താ) ഗവേഷണത്തിലും പരിഷ്കരണത്തിലും നവജാഗരണത്തിലുമെല്ലാം മിതത്വം (വസത്വിയ്യ) എന്ന രീതിശാസ്ത്രം സ്വീകരിക്കൽ. ഈ രീതിശാസ്ത്രത്തിന്റെ തത്ത്വങ്ങളിലൊന്നാണ് മതത്തെ അകത്തുനിന്ന് പുനരുജ്ജീവിപ്പിക്കുക എന്നത്. മുൻകാല പണ്ഡിതന്മാർ അവരുടെ കാലഘട്ടങ്ങളിലേക്കായി ചെയ്തതുപോലെ നമ്മുടെ കാലത്തിനു യോജിച്ച പുതിയ ഇജ്തിഹാദ് ഉണ്ടാകണം. പ്രാഥമിക ലക്ഷ്യങ്ങളുടെ വെളിച്ചത്തിൽ, ദ്വിതീയ സ്രോതസ്സുകൾ ശരിയായി ഉൾക്കൊണ്ടുവേണം ഇതു ചെയ്യാൻ.

ജി) കർമശാസ്ത്ര പണ്ഡിതരുടെ കൂട്ടത്തിൽ താൻ മാത്രമാണ് മേൽപ്പറഞ്ഞ വീക്ഷണങ്ങൾ പുലർത്തുന്നതെന്ന് വരുത്താതിരിക്കാൻ ഗ്രന്ഥകാരൻ കാണിക്കുന്ന ശ്രദ്ധ *ഫിഖ്ഹുൽ ജിഹാദ്* വായിക്കുന്ന ആർക്കും ഉടനെ മനസ്സിലാകും. മറിച്ച്, പണ്ടത്തെയും ഇപ്പോഴത്തെയും പണ്ഡിതരുടെ വീക്ഷണങ്ങൾ തനിക്ക് ബലമായി അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. പലരും അവഗണിച്ചതും കണ്ടില്ലെന്നു വെച്ചതുമെല്ലാം അക്കൂട്ടത്തിലുണ്ട്. അദ്ദേഹം അവയെടുത്ത്, അവക്കു മേൽ പറ്റിയ പൊടിതട്ടി, പുതിയ വെളിച്ചം വീശുന്നു. ഇതു മാത്രമല്ല, തന്റെ കാഴ്ചപ്പാടുകൾക്ക് ആധുനിക സംസ്കാരത്തിലെ പ്രസക്ത മൂല്യങ്ങളുടെയും വൈദഗ്ധ്യത്തിന്റെയും പിൻബലം നൽകാനും അദ്ദേഹം ശ്രദ്ധിക്കുന്നു. ഇസ്‌ലാമിക സംസ്കാരത്തിന്റെ ഉറവിടങ്ങളെക്കുറിച്ച അഗാധ ജ്ഞാനവും ഒപ്പം ആധുനിക സംസ്കാരവുമായുള്ള പരിചയവും ഇതിനദ്ദേഹത്തെ സഹായിക്കുന്നു. അങ്ങനെ ഖറദാവി പുതിയതും യുക്തിഭദ്രവും ആധികാരികവും അതേസമയം കാലിക പ്രസക്തിയുള്ളതുമായ പുതിയൊരു ഇസ്‌ലാമിക ജിഹാദ് ഉരുത്തിരിച്ചെടുക്കുന്നു. യുദ്ധം, സമാധാനം എന്നീ വിഷയങ്ങളിൽ വർത്തമാന സംസ്കാര

വുമായി വിശാലമായ അളവിൽ അത് സഹചരിക്കുന്നു. ഈ വീക്ഷണത്തിലെ പുതുമ അതിന്റെ വിശദാംശങ്ങളല്ല. കാരണം അതിന്റെ ഭാഗങ്ങൾ പുസ്തകങ്ങൾക്കുള്ളിൽ പല യിടങ്ങളിലായി ചിതറിക്കിടപ്പാണ്. ഇതിലെ പുതുമ അതിന്റെ സാകല്യമാണ്; സമഗ്രതയാണ്. ഈ കൃതി ഒരു കൂടിച്ചേ രലും സമവായ ബിന്ദുവുമാണ്. ഇതിൽ മിക്കവാറുമെല്ലാ കക്ഷികൾക്കും പരിചിതമായ എന്തെങ്കിലും കണ്ടെത്താ നാവും; അങ്ങനെ അപരിചിതമായതിനെ സ്വീകരിക്കാൻ അവരുടെ മനസ്സ് പാകപ്പെടും. സമവായം നിർമിക്കാനുള്ള ഈ കഴിവ് മഹാ പണ്ഡിതരുടെ പാരമ്പര്യ സ്വഭാവമാണ്. അതുകൊണ്ടുതന്നെ ഇത്തരമൊരു പഠനം കർമശാസ്ത്ര ജ്ഞർക്കും അഭിഭാഷകർക്കും ഇസ്‌ലാമിസ്റ്റുകൾക്കും ചരി ത്രകാരന്മാർക്കും ഓറിയന്റലിസ്റ്റുകൾക്കും നയതന്ത്ര ജ്ഞർക്കും രാഷ്ട്രീയക്കാർക്കും സൈനികർക്കും വിദ്യാ സമ്പന്നരായ ബഹുജനത്തിനും ഏറെ ആവശ്യമാണെന്ന ഗ്രന്ഥകർത്താവിന്റെ അഭിപ്രായം ഒട്ടും അത്യുക്തിയല്ല.



റാശിദുൽ ഗനൂശി

### ജിഹാദ്: സത്തയും രീതികളും

ജിഹാദിനെപ്പോലെ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും നേരെ ഇത്ര കടുത്ത തുടരാക്രമണങ്ങൾക്ക് മറ്റൊരു ആശയവും നിമിത്തമായിട്ടുമില്ല. ഒരു ഭാഗത്ത് അത്യുക്തി, മറുഭാഗത്ത് അലംഭാവം–ഈ രണ്ട് അറ്റങ്ങൾക്കിടയിലാണ് അത് പെട്ടിരിക്കുന്നത്. അലംഭാവം വരുന്നത്; സഹിഷ്ണുതയും സമാ ധാനവും പോലുള്ള മുദ്രാവാക്യങ്ങളുടെ മറപറ്റി ജിഹാദിനെ ഉമ്മത്തിന്റെ ജീവിതത്തിൽനിന്ന് തുട ച്ചുമാറ്റാൻ നോക്കുന്ന ഒരു വിഭാഗത്തിൽനിന്നാണ്. കീഴടങ്ങലും വിധേയത്വവുമാണ് അവർ പ്രചരി പ്പിക്കുന്നത്. അവരെ ഖറദാവി വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്: “ജിഹാദിനോട് ശത്രുത പുലർത്തു കയും ജിഹാദ് ഇല്ലാത്ത ഒരു ഇസ്‌ലാമിനെ പടച്ചുണ്ടാക്കുന്ന ഗ്രൂപ്പുകളെ സൃഷ്ടിക്കുകയും ചെയ്യുന്ന കൊളോണിയലിസത്തിന്റെ ഏജന്റുമാരാണ് അത്തരമൊരു ഇസ്‌ലാമിനെ പ്രചരിപ്പിക്കാനിറങ്ങിയ വർ. ബഹായികളും ഖാദിയാനികളും അക്കൂട്ടത്തിൽ പെടും... മറ്റേയറ്റത്താകട്ടെ ജിഹാദിനെ സകല ലോകത്തിനുമെതിരായുള്ള കൊടിയ യുദ്ധമായി അവതരിപ്പിക്കുന്ന വിഭാഗമാണുള്ളത്. അമുസ്‌ലിം കളുമായുള്ള സ്വാഭാവിക ബന്ധം യുദ്ധമാണെന്ന് അവർ വാദിക്കുന്നു. മുസ്‌ലിമല്ലാത്തവരെല്ലാം മുസ്‌ലിംകളുടെ ശത്രുക്കൾ എന്ന നിലപാടുകാർ.” ജിഹാദിനെ ‘വാളുകൊണ്ട് ഇസ്‌ലാം പ്രചരിപ്പി ക്കൽ, എല്ലാ മുസ്‌ലിംകളുടെയും ബാധ്യത, ഇസ്‌ലാമിന്റെ ആറാം സ്തംഭമെന്നുവരെ പറയാവു ന്നത്’ എന്നെല്ലാം *എൻസൈക്ലോപീഡിയ ഓഫ് ഇസ്‌ലാമിൽ* നിർവചിച്ച ഓറിയന്റലിസ്റ്റുകളോട് ഇക്കൂട്ടർക്ക് നല്ല യോജിപ്പായിരിക്കും.

ഇപ്പറഞ്ഞ രണ്ടുതരം ആത്യന്തികതകളെയും ഗ്രന്ഥകർത്താവ് കൈകാര്യം ചെയ്യുന്നുണ്ട്. ഇതി നായി ‘ജിഹാദ്’ എന്ന വാക്കിനെ ഭാഷാപരമായി വിശകലനം ചെയ്യുന്നു. ‘ജിഹാദി’ന്റെ സാക്ഷാൽ അർഥം പ്രയത്നിക്കൽ, പരിശ്രമിക്കൽ എന്നാണ്. ഇതിനു പുറമെ, ഖുർആനിലും പ്രവാചകചര്യ യിലും മുസ്‌ലിം കർമശാസ്ത്രജ്ഞരുടെ ഭാഷാ പ്രയോഗങ്ങളിലും ‘ജിഹാദ്’ എങ്ങനെയാണ് വ്യവ ഹരിക്കപ്പെടുന്നത് എന്നും അദ്ദേഹം പരിശോധിക്കുന്നു. ജിഹാദ് (പ്രയത്നം), ഖിതാൽ (പോരാട്ടം) എന്നിവ രണ്ടും രണ്ടാണെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. ജിഹാദിൽ ഏർപ്പെടുക എന്ന ആഹ്വാനമു ണ്ടായത് യുദ്ധമൊന്നുമില്ലാത്ത മക്കയിലാണ്. പ്രബോധനമായിരുന്നു ‘ജിഹാദ്’ കൊണ്ട് ഉദ്ദേശിച്ച ത്. “അത് (ഖുർആൻ) കൊണ്ട് അവരോട് മഹാസമരത്തിലേർപ്പെടുക” (*അൽഫുർഖാൻ* 25:52). ഖുർആനിലും പ്രവാചകചര്യയിലും ജിഹാദ് വ്യത്യസ്ത അർഥങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. ശത്രു വിനെ ചെറുക്കാനായി പരമാവധി ശ്രമിക്കൽ, പിശാചിനെ ചെറുക്കാൻ പ്രയത്നിക്കൽ, സ്വന്തം ആഗ്ര ഹങ്ങളെ ചെറുക്കാൻ ആവുന്നത്ര ശ്രമിക്കൽ തുടങ്ങിയവയെല്ലാം അക്കൂട്ടത്തിൽ പെടും. ഇപ്രകാരം ജിഹാദ് വെറും യുദ്ധം ചെയ്യലിനേക്കാൾ വിശാലമാണ്. ഇബ്നു തൈമിയ്യയെ ഉദ്ധരിച്ച് ഗ്രന്ഥകാ രൻ ഇങ്ങനെ ചൂണ്ടിക്കാട്ടുന്നു: “ജിഹാദ് ഹൃദയം കൊണ്ടുള്ളതാവാം; ഇസ്‌ലാമിലേക്ക് ക്ഷണിക്ക ലാവാം, തെറ്റായ വാദങ്ങളെ ഖണ്ഡിക്കലാവാം, മുസ്‌ലിംകൾക്ക് ഉപകാരപ്പെടുന്ന കാര്യങ്ങൾ ഉപദേ

ശിക്കലും സൗകര്യപ്പെടുത്തലുമാവാം; യുദ്ധം പോലുള്ള ശാരീരികമായ ഇടപെടലുമാവാം."

പതിനാലാം നൂറ്റാണ്ടിലെ പണ്ഡിതനും ഇബ്നു തൈമിയ്യയുടെ ശിഷ്യനുമായ ഇബ്നുൽ ഖയ്യിമിന്റെ പിൻബലവും ജിഹാദിന്റെ വിശാല സാധ്യതകൾ സ്ഥാപിക്കാനായി ഗ്രന്ഥകാരൻ തേടുന്നുണ്ട്. ഇതനുസരിച്ച് ഓരോ മുസ്‌ലിമും ഒരു മുജാഹിദ് ആണ്; പക്ഷേ, മുഖാതിൽ (യോദ്ധാവ്) അല്ല. ഇസ്‌ലാമിക ദഅ്‌വത്തിന്റെ പ്രക്രിയ പഠനവിഷയമാക്കിയ ഇബ്നുൽ ഖയ്യിം പറയുന്നത്, ജിഹാദിന് 13 തലങ്ങളുണ്ടെന്നാണ്. ജിഹാദുന്നഫ്സ് (ആത്മ ജിഹാദ്) ആണ് ആദ്യത്തെ ഇനം. ഇതിനു നാല് തലങ്ങളുണ്ട്: മാർഗ ദർശനം നേടാനായി സ്വയം പരിശ്രമിക്കൽ, അതനുസരിച്ച് പ്രവർത്തിക്കൽ, അതിലേക്ക് ക്ഷണിക്കൽ, ഈ കർമങ്ങളിൽ സ്ഥിരോത്സാഹം കാണിക്കൽ എന്നിവയാണവ. പൈശാചനെതിരിലുള്ള ജിഹാദാണ് രണ്ടാമത്തേത്. ഇതിന് രണ്ട് തലങ്ങളാണുള്ളത്: സ്വന്തം വിശ്വാസത്തെപ്പറ്റി പിശാച് തോന്നിപ്പിക്കുന്ന സംശയങ്ങൾക്കെതിരെ പൊരുതൽ, ഏതെല്ലാം ദുരാഗ്രഹങ്ങളിലേക്കും ജീർണതകളിലേക്കും പിശാച് ക്ഷണിക്കുന്നുവോ അവയെ ചെറുക്കൽ എന്നിവ. മൂന്നാമത്തെ ഇനമായ അവിശ്വാസികൾക്കും കടപടവിശ്വാസികൾക്കുമെതിരായ ജിഹാദിന് നാലു തലങ്ങളുണ്ട്: ഹൃദയം കൊണ്ട്, നാവ് കൊണ്ട്, സമ്പത്തുകൊണ്ട്, സ്വന്തത്തെക്കൊണ്ട്. മർദകർക്കും ദുഷ്ടന്മാർക്കും എതിരെയുള്ള ജിഹാദ് എന്ന നാലാമത്തെ ഇനത്തിൽ മൂന്ന് തലങ്ങൾ: സാധ്യമെങ്കിൽ കൈകൊണ്ട്, അല്ലെങ്കിൽ നാവു കൊണ്ട്, അത്ര പോലും വയ്യെങ്കിൽ ഹൃദയം കൊണ്ട്. ഇപ്പറഞ്ഞ ക്രമത്തോട് ഗ്രന്ഥകാരൻ വിയോജിക്കുന്നുണ്ട്– മർദനത്തിനും ജീർണതക്കുമെതിരായ ജിഹാദിനെ അദ്ദേഹം, അവിശ്വാസത്തിനും ബാഹ്യ ആക്രമണത്തിനുമെതിരായ ജിഹാദിനേക്കാൾ പ്രധാനമായി കാണുന്നു എന്നതാണീ വ്യത്യാസം. ഒരു കാര്യം അദ്ദേഹം ഊന്നിപ്പറയുകയും ചെയ്യുന്നു: മർദകർക്കെതിരെ സമാധാനപരമായ ഏറ്റുമുട്ടലാണ് അഭികാമ്യം. "അനീതിക്കാരായ ഭരണകർത്താക്കളോട് എതിരിടുമ്പോളും, മറ്റു പലരും വികസിപ്പിച്ചെടുത്ത ന്യായമായ സമരരീതികളിൽനിന്ന് പ്രയോജനം നേടണം– തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റുകൾ, രാഷ്ട്രീയ കക്ഷികൾ, അധികാര വിഭജനം എന്നിവ പോലെ."

ഇതിനു പുറമെ ബൗദ്ധികവും സാംസ്കാരികവുമായ ജിഹാദിന്റെ പ്രാധാന്യവും ഖറദാവി ഊന്നിപ്പറയുന്നു. "ഇസ്‌ലാമിക ഉന്നത പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുകയാണ് ഒരു മാർഗം. മികച്ച യുവാക്കൾക്ക് അക്കാദമികമായും ധാർമികമായും ശിക്ഷണം നൽകണം. നമ്മുടെ പാരമ്പര്യത്തെയും ആധുനിക സംസ്കാരത്തെയും കൂട്ടിയിണക്കാൻ പോന്ന ഒരു രീതിശാസ്ത്രത്തിൽ അവരെ അക്കാദമികമായും ധൈഷണികമായും അങ്ങനെ ഒരുക്കാം... ലോകത്തിന്റെ മറ്റിടങ്ങളിൽനിന്ന് ഒറ്റപ്പെടലല്ലല്ലോ നമ്മുടെ ഉദ്ദേശ്യം; മറിച്ച് സാംസ്കാരികവും നാഗരികവുമായ കൊള്ളക്കൊടുക്കകളാണ്. അവരിൽനിന്ന് എന്തു തള്ളണം, എന്തു കൊള്ളണം എന്ന് നമ്മുടെ ആദർശത്തിന്റെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ നമുക്കുതന്നെ തീരുമാനിക്കാവുന്നതേയുള്ളൂ–ഒരുകാലത്ത് അവർ നമ്മിൽനിന്ന് തത്ത്വങ്ങളും കണ്ടുപിടിത്തങ്ങളും ഉൾക്കൊള്ളുകയും തുടർന്ന് അവ വികസിപ്പിച്ച് അവരുടെ നാഗരികത പടുത്തുയർത്തുകയും ചെയ്തതുപോലെ. നാം എന്ത് സ്വീകരിക്കുന്നോ അതിൽ നമ്മുടെ ആത്മാംശവും സ്വഭാവവും ധാർമിക പൈതൃകവും തന്നെയാണ് ഉണ്ടാവുക; ആദ്യ പ്രകൃതം അവ കൈയൊഴിയും."

ജിഹാദിന്റെ കർമശാസ്ത്രം എന്ന ഭാഗം ഗ്രന്ഥകാരൻ ഉപസംഹരിക്കുന്നത് രണ്ടുതരത്തിലുള്ള ജിഹാദിനെ എടുത്തു പറഞ്ഞുകൊണ്ടാണ്: സിവിൽ ജിഹാദും മിലിട്ടറി ജിഹാദും. ഇതിൽ സൈനിക ജിഹാദ് രാഷ്ട്രങ്ങൾ നിർവഹിക്കേണ്ട ഒന്നാണ്. മുസ്‌ലിംകളെ ആക്രമിക്കുന്ന ശത്രുക്കളോട് പോരാടുക, അതിനു വേണ്ടി അവശ്യ ഒരുക്കങ്ങൾ നടത്തുക എന്നിവ അതിൽ പെടുന്നു. ആത്മീയമായ അസൈനിക (സിവിൽ) ജിഹാദ് 'അക്കാദമികവും ശാസ്ത്രം, സംസ്കാരം, ആരോഗ്യം, വൈദ്യം, പരിസ്ഥിതി, നാഗരികത എന്നിവ സംബന്ധിച്ചതുമായ വശങ്ങൾ ഉൾക്കൊള്ളുന്നു. ഈ സിവിൽ ജിഹാദിന്റെ ലക്ഷ്യം, അറിവില്ലാത്തവരെ ബോധവത്കരിക്കാനായി അല്ലാഹുവിനുവേണ്ടി സ്വയം പരിശ്രമിക്കുകയാണ്. തൊഴിൽരഹിതർക്ക് തൊഴിൽ നൽകുക മുതൽ കായിക പ്രേമികൾക്ക് ക്ലബ്ബുകളുണ്ടാക്കുക വരെ സിവിൽ ജിഹാദിന്റെ രൂപങ്ങളിൽ പെടും."

**ജിഹാദിന്റെ ലക്ഷ്യങ്ങൾ**

സമാധാനത്തിലേക്കുള്ള ക്ഷണമാണ് ഇസ്‌ലാം. അത് യുദ്ധത്തെ വെറുക്കുന്നു. അടിച്ചേൽപിക്കപ്പെടുമ്പോഴല്ലാതെ ഒരിക്കലും ഇസ്‌ലാം യുദ്ധത്തിലേർപ്പെടാറില്ല. ഇസ്‌ലാമിന്റെ യാഥാർഥ്യബോ

ധവും *സുന്നത്തുത്തദാഫുഅ്* (പരസ്പരം തടുക്കൽ) എന്ന തത്ത്വവും അനുസരിച്ചാണിത്. അവശ്യ ഘട്ടങ്ങളിൽ യുദ്ധമാവാമെന്ന് പറയുന്ന ഒരേയൊരു മതമല്ല അത്. ക്രിസ്തുമതം അടക്കമുള്ള എല്ലാ മതങ്ങളും അക്കാര്യം അംഗീകരിക്കുന്നുണ്ട്. ക്രിസ്തു മതത്തിന്റെ അനുയായികളാണ് സംഘർഷങ്ങളിലും യുദ്ധങ്ങളിലും കൂടെക്കൂടെ ഏർപ്പെടുന്നത്– ഇതര മതക്കാർക്കെതിരെ മാത്രമല്ല, മറ്റു ക്രിസ്ത്യാനികൾക്കെതിരെയും അവർ യുദ്ധം ചെയ്യുന്നു. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇങ്ങനെ കാണാം: "ഭൂമിയിൽ തീ പടർത്താനാണ് ഞാൻ വന്നിരിക്കുന്നത്.... ഞാൻ ഭൂമിയിൽ ശാന്തി പടർത്താൻ വന്നു എന്നാണോ നീ കരുതുന്നത്?" കൂട്ടക്കൊല നടത്താനുള്ള അനേകം ആഹ്വാനങ്ങൾ ബൈബിൾ പഴയ നിയമത്തിൽ കാണാം. ഫലസ്തീൻ അധിവസിച്ചിരുന്ന ഏഴു ദേശങ്ങളെ സമ്പൂർണമായി തുടച്ചുനീക്കാനുള്ള ആ ആഹ്വാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ ഇന്നത്തെ സയണിസ്റ്റ് സംഘങ്ങൾ നടത്തുന്ന കൂട്ടക്കൊലകളും ജനസമൂഹങ്ങളെ 'മാറ്റിപ്പാർപ്പിക്കാനുള്ള' ആഹ്വാനങ്ങളും നിസ്സാരം!

വ്യക്തമായ ലക്ഷ്യങ്ങളാണ് ഇസ്‌ലാമിലെ ജിഹാദിനുള്ളത്. ഖറദാവി അവ ഇങ്ങനെ സംഗ്രഹിക്കുന്നു: അതിക്രമത്തെ ചെറുക്കൽ; 'ഫിത്ന' തടയൽ– അതായത്, മുസ്‌ലിംകൾക്കും മറ്റുള്ളവർക്കും വിശ്വാസ സ്വാതന്ത്ര്യം ഉറപ്പുവരുത്തൽ; മർദിതരെ രക്ഷിക്കൽ; ഉടമ്പടികൾ ലംഘിക്കുന്നവരെ ശിക്ഷിക്കൽ; സമുദായത്തിനകത്ത് ആഭ്യന്തര സമാധാനം ഉറപ്പുവരുത്തൽ. ഇതിൽനിന്ന് ഒരു കാര്യം വ്യക്തം: വ്യാപനവും പിടിച്ചെടുക്കലുമൊന്നും 'ജിഹാദി'ന്റെ ലക്ഷ്യങ്ങളിൽ പെടുന്നില്ല. ലോകത്തുനിന്ന് അവിശ്വാസം ഉച്ചാടനം ചെയ്യുകയെന്ന ലക്ഷ്യവും ജിഹാദിനില്ല– വ്യതിരിക്തതയും പരസ്പര പ്രതിരോധവും എന്ന ദൈവിക ചര്യക്ക് എതിരാണത്. ഇസ്‌ലാമിൽ വിശ്വസിക്കാത്തവർക്കു മേൽ അത് അടിച്ചേൽപിക്കലും ജിഹാദിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടില്ല– കാരണം വൈവിധ്യവും ബഹുസ്വരതയും എന്ന ദൈവിക നിയമത്തെ ലംഘിക്കലാകുമത്.

### സൈനിക ജിഹാദ്: പ്രതിരോധ–ഉപരോധ ജിഹാദുകൾക്കു മധ്യേ

പഴയ കാലത്തെയും വർത്തമാനകാലത്തെയും കർമശാസ്ത്രജ്ഞരെപ്പോലെ ഖറദാവിയും ജിഹാദിന്റെ സ്വഭാവവും ഇസ്‌ലാമിൽ അതിനുള്ള സ്ഥാനവും പരിശോധിക്കുന്നു. അവിശ്വാസികൾ ഇസ്‌ലാം സ്വീകരിക്കുകയോ അതിന്റെ അധികാരം അംഗീരിക്കുകയോ ചെയ്യുന്നതുവരെ അവരോട് പോരാടുക മുസ്‌ലിംകളുടെ നിർബന്ധ ബാധ്യതയാക്കുന്ന (ജിഹാദുത്തലബ് അഥവാ അങ്ങോട്ട് ആക്രമിക്കുന്ന ജിഹാദ്) മതകീയ സ്വഭാവമാണോ ജിഹാദിനുള്ളത്? അതോ ഇസ്‌ലാമിന്റെ പ്രദേശങ്ങൾ ആക്രമണകാരികളിൽനിന്ന് സംരക്ഷിക്കുകയും വിശ്വാസ സ്വാതന്ത്ര്യം ഹനിക്കുന്നവർക്കെതിരെ മുസ്‌ലിംകളെയും മറ്റു പീഡിതരെയും പ്രതിരോധിക്കുകയുമെന്ന ജിഹാദുദ്ദഫ്അ് അഥവാ പ്രതിരോധ ജിഹാദിനെപ്പോലെ രാഷ്ട്രീയ സ്വഭാവമാണോ അതിനുള്ളത്? ആവശ്യമായി വന്നാൽ പോലും ശുദ്ധമായ ഉദ്ദേശ്യത്തോടെ, ദൈവത്തിനു വേണ്ടി, കർശനമായ ധാർമിക മാർഗരേഖകൾ പ്രകാരം മാത്രം നടത്താവുന്നതാണല്ലോ ഈ പ്രതിരോധ ജിഹാദ്.

പണ്ടെന്നപോലെ ഇപ്പോഴും കർമശാസ്ത്രജ്ഞർക്കിടയിൽ ജിഹാദിന്റെ ലക്ഷ്യങ്ങളിൽ ഭിന്നാഭിപ്രായമുണ്ടെന്ന് ഖറദാവി പറയുന്നു. ആക്രമണപരമായ ജിഹാദിന്റെ വക്താക്കളെ 'ഹുജൂമിയ്യൂൻ' എന്നും പ്രതിരോധപമരായ ജിഹാദിന്റെ വക്താക്കളെ 'ദിഫാഇയ്യൂൻ' എന്നുമാണ് അദ്ദേഹം വിളിക്കുന്നത്. രണ്ടാമത്തെ അഭിപ്രായക്കാരുടെ കൂട്ടത്തിലാണ് താനെന്ന് അദ്ദേഹം സാഭിമാനം പ്രഖ്യാപിക്കുന്നുണ്ട്. ആക്രമണപരായ ജിഹാദിന് ഉപോൽബലകമായി അവർ ഉദ്ധരിക്കുന്ന ചില ഖുർആൻ സൂക്തങ്ങൾ: "എല്ലാ വിഗ്രഹാരാധകരോടും അവർ നിങ്ങളെല്ലാവരോടുമെന്ന പോലെ യുദ്ധം ചെയ്യുക" (*അത്തൗബ* 36). "കാണുന്നിടത്തെല്ലാം വിഗ്രഹാരാധകരെ കൊല്ലുക" (*അത്തൗബ* 5). "വേദം നൽകപ്പെടുകയും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവരോട് പൊരുതുക... അവർ വിധേയരായി കപ്പം തരാൻ സന്നദ്ധരാകുന്നതുവരെ" (*അത്തൗബ* 29). വിരുദ്ധമായ സകല സൂക്തങ്ങളെയും റദ്ദ് ചെയ്യുന്നുവെന്ന് ഈ കർമശാസ്ത്രജ്ഞർ കരുതുന്ന 'ആയത്തുസ്സൈഫ്' (വാളിന്റെ സൂക്തം) ഏതെന്ന കാര്യത്തിൽ അവർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. കാരുണ്യം, വിട്ടുവീഴ്ച, വിശ്വാസ സ്വാതന്ത്ര്യം എന്നിവ ഉയർത്തിപ്പിടിക്കുകയും വിശ്വാസ കാര്യത്തിൽ നിർബന്ധവും കടുംപിടുത്തവും വിലക്കുകയും വിശ്വാസത്തിന്റെ വിധി ദൈവത്തിന് വിട്ടുകൊടുക്കുകയും ചെയ്യുന്ന 200–ൽപരം മറ്റു സൂക്തങ്ങളെ ഈയൊരു സൂക്തം റദ്ദ് ചെയ്യുന്നു എന്നാണവരുടെ വാദം. "അല്ലാഹുവല്ലാതൊരു ദൈവമില്ല എന്ന് പറയുന്നതുവരെ ആളുകളോട് യുദ്ധം

ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു" എന്ന പ്രവാചക വചനവും (ബുഖാരി നിവേദനം ചെയ്തത്) അവർ തെളിവായി ഉദ്ധരിക്കുന്നു. ആദ്യകാലത്ത് ഇസ്‌ലാം നടത്തിയ കടന്നാക്രമണങ്ങൾ കാണിക്കുന്നത്, അപരരുമായുള്ള മുസ്‌ലിംകളുടെ സ്വാഭാവിക ബന്ധം സമാധാനത്തിന്റേതല്ല യുദ്ധത്തിന്റേതാണ് എന്നതിന് തെളിവായും അവർ എടുത്തു കാട്ടുന്നു.

ഈ കർമശാസ്ത്രജ്ഞർ ജീവിച്ച സാഹചര്യം (അധികാരത്തെയും യുദ്ധത്തെയും അടിസ്ഥാനമാക്കിയുള്ള രാഷ്ട്രാന്തരീയ ബന്ധങ്ങൾ, ഇസ്‌ലാമിന്റെ നിലനിൽപിനു നേരിടേണ്ടിവന്ന ഭീഷണി) ആണ് അവരെ ഇത്തരം വ്യാഖ്യാനത്തിലേക്ക് നയിച്ചതെന്ന് ഖറദാവി നിരീക്ഷിക്കുന്നു.

അതേസമയം പണ്ടത്തെയും ആധുനിക കാലത്തെയും പണ്ഡിതന്മാർക്കിടയിലുള്ള സമവായം ഖറദാവി ചൂണ്ടിക്കാട്ടുന്നുണ്ട്: ഒരു മുസ്‌ലിം പ്രദേശം ആക്രമിക്കപ്പെട്ടാൽ ഓരോ മുസ്‌ലിമും ജിഹാദ് ചെയ്യാൻ ബാധ്യസ്ഥനാകുന്നു. മുസ്‌ലിംകൾ 'ഫിത്‌ന'ക്ക് ഇരയായാലും (അവരുടെ വിശ്വാസസ്വാതന്ത്ര്യം തടയപ്പെട്ടാൽ) ജിഹാദ് നിർബന്ധമാകുന്നു. മുസ്‌ലിംകളെല്ലാം ആവുംവിധം ഏതെങ്കിലും തരത്തിലുള്ള ജിഹാദ് (സ്വന്തം മോഹങ്ങളോട്, തിന്മക്കും ജീർണതക്കുമെതിരെ, നന്മ വളർത്താനും മതത്തെ പിന്താങ്ങാനും, നടത്തണമെന്ന പൊതു വീക്ഷണവും അദ്ദേഹം എടുത്തുകാട്ടുന്നു.

സ്വന്തം ഗവേഷണത്തെയും ജിഹാദ് സംബന്ധിച്ച വ്യത്യസ്ത വാക്യങ്ങളെയും പണ്ഡിതരുടെ വീക്ഷണങ്ങളെയും അപഗ്രഥിച്ച് ഖറദാവി എത്തിച്ചേർന്ന നിഗമനങ്ങൾ ഇവയാണ്:

1. ബഹുദൈവാരാധകർക്കെതിരെ യുദ്ധം ചെയ്യണമെന്ന, സൂറ അത്തൗബയിലേതടക്കമുള്ള ഖുർആൻ സൂക്തങ്ങൾ പ്രതികരണമെന്ന നിലക്ക് ഉദ്ദേശിച്ചവയാണ്. തുല്യ അളവിൽ പ്രതികരിക്കുക എന്നതാണ് ആശയം. "അവർ നിങ്ങളോട് മുഴുവൻ യുദ്ധം ചെയ്യുമ്പോലെ" എന്നതിന്റെ താൽപര്യം അതാണ്. അല്ലാതെ, എല്ലാ അമുസ്‌ലിംകളോടും യുദ്ധംചെയ്യണമെന്ന അർഥം ഇതിനില്ല. ഇസ്‌ലാമിന്റെ ആരംഭ ദശയിൽ അതിനെതിരെ യുദ്ധം പ്രഖ്യാപിച്ച ഒരു കൂട്ടം അറബി ബഹുദൈവാരാധകരെയാണ് ഉദ്ദേശിച്ചത്. അവർ ഇസ്‌ലാമിനോട് യുദ്ധം പ്രഖ്യാപിക്കുക മാത്രമല്ല, ആട്ടിപ്പായിക്കുകയും അതിന്റെ പുതിയ ഗേഹത്തിൽ പോലും ചെന്ന് ഉപദ്രവിക്കുകയും ഉടമ്പടികൾ ലംഘിക്കുകയും ഇസ്‌ലാമിനെ തുടച്ചുനീക്കാൻ എല്ലാവരെയും സംഘടിപ്പിക്കുകയും ചെയ്തു. "പ്രതിജ്ഞകൾ ലംഘിച്ചുകൊണ്ടേയിരിക്കുകയും ദൈവദൂതനെ നാട്ടിൽനിന്ന് പുറത്താക്കാനൊരുമ്പെടുകയും ചെയ്യുന്ന ഒരു ജനത്തോടും നിങ്ങൾ യുദ്ധം ചെയ്യുന്നില്ലെന്നോ– അക്രമം ആദ്യം തുടങ്ങിയത് അവരായിരുന്നിട്ടും?" (*അത്തൗബ* 9:13). യുദ്ധത്തിനുള്ള ആഹ്വാനത്തിന് പരിധികളും ഉപാധികളും നിർണയിച്ചുള്ള സൂക്തങ്ങൾ ഇതേ അധ്യായത്തിലും മറ്റു അധ്യായങ്ങളിലും കാണാം.

"ശത്രു ജനം സന്ധിയിലേക്കും സമാധാനത്തിലേക്കും ചായുന്നുവെങ്കിൽ നീയും അതിന് സന്നദ്ധനാവുക" (*അൽ അൻഫാൽ* 61). ഖുർആനിലെ പ്രസക്ത സൂക്തങ്ങളും പ്രവാചക വചനങ്ങളും എല്ലാ നോക്കി വേണം തീർപ്പു കൽപിക്കാൻ. ഇവിടെ അതെല്ലാം ചേർത്തുവെക്കുമ്പോൾ വ്യക്തമാകുന്നത് ഒരു കാര്യമാണ്: ഇങ്ങോട്ട് സമാധാനം പുലർത്തുന്നവരോട് അങ്ങോട്ടും സമാധാനം പുലർത്താനും, ഇങ്ങോട്ട് യുദ്ധം ചെയ്യുന്നവരോട് അങ്ങോട്ടും യുദ്ധം ചെയ്യാനുമാണ് ഖുർആന്റെ ആഹ്വാനം.

2. സൈനിക ജിഹാദ് മുസ്‌ലിം വ്യക്തിയുടെ ബാധ്യതയല്ല. സൂറഃ *അൽബഖറ*യിൽ, ദൈവബോധമുള്ള വ്യക്തികളുടെ ഗുണങ്ങൾ എണ്ണിപ്പറഞ്ഞിടത്ത് അത് ഉൾപ്പെടുത്താത്തത് അതിനാലാണ്. അൽ അൻഫാൽ, അൽ മുഅ്മിനൂൻ സൂറകളിൽ വിശ്വാസികളുടെ വ്യക്തിസ്വഭാവങ്ങൾ വിവരിച്ച കൂട്ടത്തിലും അത് ഇല്ല. ഇസ്‌ലാമിൽ അതിന് വമ്പിച്ച പ്രാധാന്യമുണ്ടായിട്ടുപോലും. സൂറ റഅ്ദിൽ വിവേകികളുടെ സ്വഭാവങ്ങൾ പറഞ്ഞേടത്തോ അൽഫുർഖാനിൽ കരുണാമയന്റെ ദാസന്മാരുടെ ഗുണവിശേഷങ്ങൾ വിവരിച്ചേടത്തോ അദ്ദാരിയാത്തിൽ ഭക്തരുടെ പ്രത്യേകതകൾ പറഞ്ഞേടത്തോ അൽ ഇൻസാനിൽ സദ്‌വൃത്തരുടെ ഗുണങ്ങൾ എണ്ണിയേടത്തോ സൈനിക ജിഹാദിനെ കുറിച്ച് പറയുന്നില്ല. മുസ്‌ലിംകൾക്കോ അവരുടെ ഭൂമിക്കോ മതത്തിനോ നേരെ ആക്രമണമുണ്ടാവുക തുടങ്ങിയ സന്ദർഭങ്ങളിൽ മാത്രം മുസ്‌ലിംകളുടെ പൊതു ബാധ്യതയായി വരുന്നതാണത്.

3. അമുസ്‌ലിം സ്ഥലങ്ങളിൽ മുസ്‌ലിംകൾ സുരക്ഷിതരായിരിക്കുവോളം കാലം ആ സ്ഥലങ്ങളെ ആക്രമിക്കാവതല്ല. ശക്തവും സുസജ്ജവുമായ സൈന്യം ഉണ്ടായിരിക്കണമെന്നേ ഉള്ളൂ. ശത്രുക്കളെ പിന്തിരിപ്പിക്കാൻ അത്യാവശ്യമാണത്. മുസ്‌ലിംകളല്ലാത്തവരെ അമുസ്‌ലിംകൾ എന്നല്ലാതെ അവിശ്വാസികളെന്നോ കാഫിറുകളെന്നോ ഖറദാവി വിളിക്കുന്നില്ല. ഖുർആൻതന്നെ മാതൃക.

4. വിശ്വാസ സ്വാതന്ത്ര്യത്തെ ഇസ്‌ലാം അംഗീകരിക്കുന്നു. വിശ്വാസം സംബന്ധിച്ച് ഓരോരുത്തർക്കും ദൈവത്തോടു മാത്രമേ ഉത്തരവാദിത്വമുള്ളൂ. അതുകൊണ്ടുതന്നെ ഇസ്‌ലാമിക സമൂഹങ്ങളിൽ മതത്തെച്ചൊല്ലിയുള്ള യുദ്ധമുണ്ടായിട്ടില്ല. ഇതര മതസ്ഥർക്ക് കൂടി പൗരത്വം നൽകുന്ന 'ദിമ്മഃ' സമ്പ്രദായത്തിൽ അവർക്ക് പൂർണ സുരക്ഷിതത്വംകിട്ടുന്നു. ഇതിന് അവർ നൽകേണ്ടത് ഇന്നത്തെ ചില സംവിധാനങ്ങളിലുള്ള 'സൈനിക സേവന നികുതി'ക്കു സമാനമായ 'ജിസ്‌യ' ആണ്. ഏറെ തെറ്റിദ്ധരിക്കപ്പെടുകയും ദുരുപയോഗപ്പെടുത്തുകയും ചെയ്ത 'ജിസ്‌യ' ഏകീകൃത നികുതി നിലവിൽ വരുകയും എല്ലാവരും സൈനിക സേവനം ചെയ്യുകയും ചെയ്യുന്ന ഇക്കാലത്ത് അനാവശ്യമാണെന്നുകൂടി ഖറദാവി അഭിപ്രായപ്പെടുന്നു.

5. അമുസ്‌ലിം പ്രദേശങ്ങളെ ഇങ്ങോട്ടുള്ള ആക്രമണം തടയാനായി അങ്ങോട്ട് ആക്രമിക്കാമെന്ന ചിന്താഗതി ചില കർമശാസ്ത്രജ്ഞരിൽ ഉണ്ടാവാൻ കാരണം ഖുർആനോ ഹദീസോ അല്ല, ചരിത്ര സാഹചര്യങ്ങളാണ്. രാഷ്ട്രങ്ങൾ പരമാധികാരം പരസ്പരം അംഗീകരിക്കുകയും യുദ്ധം വിലക്കുകയും ചെയ്യുന്ന ഇക്കാലത്തെ രീതി ഇല്ലാതിരിക്കുകയും റോമാ, പേർഷ്യൻ സാമ്രാജ്യങ്ങൾ ചെറിയ മുസ്‌ലിം രാജ്യങ്ങളെ ആക്രമിക്കുകയും ചെയ്തുപോന്ന ഒരു കാലഘട്ടത്തിന്റെ ശേഷിപ്പാണത്. ■

(തുടരും)